**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

**രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം**

നം.DHS/11858/2026/EA5 തീയതി:07-06-2026

## കാരണം കാണിക്കൽ നോട്ടീസ്

ഡോ.പ്രീതി അഗസ്റ്റിൻ എന്ന താങ്കൾ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി കാസറഗോഡ് മഞ്ചേശ്വരം കുടുംബാരോഗ്യ കേന്ദ്രത്തിൽ 13.12.2022 നു ജോലിയിൽ പ്രവേശിക്കുകയും , പി ജി പഠനത്തിൽ തുടരുന്നതിനാൽ ,ആയത് പൂർത്തിയാക്കുന്നതിന് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു എന്നാൽ 10.07.2023 നു പി ജി പഠനം അവസാനിച്ചെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ല .

ആയതിനാൽ 11.07.2023 മുതൽ അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിൽക്കുകയാണ് . 13.12.2022 ൽ സർവീസിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണറാണ്. ആയതിനാൽ പ്രോബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആൻഡ് കോണ്ടക്ട് തൃപ്തികരമല്ല. 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യാനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

തൽസംബന്ധമായ വാദപ്രതിവാദ പത്രികയോ വിശദീകരണമോ താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 07-06-2026
20:22:45

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**Dr.Preethi Augustine , Poriyth cheenikuzhi , Udumbannoor ,Thodupuzha , Idukki - 685595**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കൾ ഈ നോട്ടീസ് കൈപ്പറ്റിയതായി രേഖപ്പെടുത്തി തങ്ങളുടെ കൈയൊപ്പോടുകൂടി തീയ്യതി സഹിതം മടക്കി അയക്കേണ്ടതാണ്)

<u>പകർപ്പ്</u> :-

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കാസറഗോഡ്.
2. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ് കുടുംബാരോഗ്യ കേന്ദ്രം മഞ്ചേശ്വരം കാസറഗോഡ്
4. ഇസി, ഇഎ, ഇബി സെക്ഷനുകൾ (അറിവിലേക്കായി)
5. ഫയൽ /സ്റ്റോക്ക് ഫയൽ